**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4328** **18-03-2025 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ ഡിവൈസസ്, കെൽട്രോൺ എന്നിവയിലെ വ്യവഹാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും പ്രവർത്തനം അവസാനിച്ചതുമായ കെൽട്രോൺ ഡിവൈസസ്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള വ്യവഹാരങ്ങൾ തീർപ്പാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **ഇല്ല. കെൽട്രോൺ പവർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് Co.Pt 40/2001, Co.Pt 31/2002എന്നീ രണ്ടു കേസുകളാണ് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒഫീഷ്യൽ ലിക്വിഡേറ്ററുടെ കൈവശമുള്ള ടി രണ്ടു കമ്പനികളുടെയും മുളങ്കുന്നത്തുകാവിൽ ഉള്ള വസ്തുക്കൾ തിരിച്ചെടുക്കുന്ന-തിനായി, 100MW Solar Panel ഉണ്ടാക്കാൻ ശേഷിയുള്ള ഒരു പ്രോജക്ട് സ്ഥാപിക്കുന്നതിനുള്ള DPR സഹിതം കെൽട്രോൺ, Co. Appl.451/2017, Co.Appl. No.457/2017 എന്നിവ ഫയൽ ചെയ്തിരുന്നു. എന്നാൽ 31/07/2023-ലെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കെൽട്രോൺ ഫയൽ ചെയ്തിരുന്ന ആപ്ലിക്കേഷനുകൾ ഡിസ്മിസ് ചെയ്യുകയും നിർദ്ദിഷ്ട ഭൂമി വിട്ടുകിട്ടുന്നതിന് വേണ്ടി ടി സ്ഥലത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്കീമിന്റെ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് കമ്പനീസ് ആക്ട് 1956 ലെ 391 മുതൽ 394 വരെ വകുപ്പുകൾ പ്രകാരം കെൽട്രോണിന് പുതിയ ആപ്ലിക്കേഷൻ ഫയൽ ചെയ്യാവുന്നതാണെന്നും ടി ഉത്തരവിൽ പരാമർശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത സ്ഥലത്ത് C-MET-മായി സഹകരിച്ച് പുതിയ പ്രോജക്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.** |
| (ബി) | ഇല്ലെങ്കിൽ ആയതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | എ പിരിവിലെ മറുപടി കണ്ടാലും |
| (സി) | ഈ വ്യവഹാരങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (സി) | എ പിരിവിലെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ